DESPATCHED
On. 11-4-22



ഹിയറിംഗ് 22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 34(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 590/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 5**

അഡ്വ. അനിൽ കെ.ജി.,
ഹോസ്ദുർഗ്ഗ്,
കാഞ്ഞങ്ങാട് പി.ഒ.,
കാസർഗോഡ്. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി,
കാഞ്ഞങ്ങാട് പി.ഒ.,
കാസർഗോഡ്.

2) അപ്പീൽ അധികാരി & അസിസ്റ്റന്റ് എഞ്ചിനീയർ,
കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി
കാഞ്ഞങ്ങാട് പി.ഒ.,
കാസർഗോഡ്. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 02/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 05/04/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അഡ്വ. അനിൽ കെ.ജി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ല എന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

RIGHT TO INFORMATION

2. ഒന്നാം എതിർകക്ഷി മുമ്പാകെ 25.08.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. Provide the name and address of the building owner relating to the building bearing No. KMC.165-A in Ward No.27 of Kanhangad Municipality.

ii. Provide a copy of the building permit, approved plan, and extension of building permit issued for the construction of the building bearing No. KMC-165A in Ward No.27 of Kanhangad Muncipality.

iii. Provide the copies of the title documents submitted by the building owner of building bearing N.KMC-165A in Ward No.27 of Kanhangad Muncipality for obtaining the building permit for construction of said building and so on numbering to 9 items.

3. മേൽപ്പടി അപേക്ഷയ്ക്ക് 14.09.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ 30.09.2021 തീയതി ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി 08.11.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, കാഞ്ഞങ്ങാട് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും ഹർജിക്കാരന്റെ അപേക്ഷയും എസ്.പി.ഐ.ഒ. നൽകിയ മറുപടിയും പരിശോധിച്ചതിൽ അപേക്ഷയിൽ ഉന്നയിച്ച വിവരങ്ങൾക്ക് വ്യക്തമായി മറുപടി നൽകിയതായി കാണുന്നു എന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അഡ്വ. അനിൽ കെ.ജി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ കാഞ്ഞങ്ങാട് നഗരസഭയിലെ 27-ാം വാർഡിലുള്ള കെ.എം.സി.നം.165എ നമ്പർ കെട്ടിടത്തിന്റെ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും പ്രസ്തുത അപേക്ഷയിൽ മേൽ കെട്ടിടത്തിന്റെ വിവരങ്ങൾ 1 മുതൽ 9 വരെയുള്ള ചോദ്യങ്ങളായി ചോദിക്കുകയും 1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് നഗരസഭയിൽ നിന്നും 17.9.2021 തീയതി മറുപടി നൽകിയിട്ടുള്ളതുമാണെന്നും 9-ാം ചോദ്യത്തിന് റവന്യു വകുപ്പിൽ നിന്നും ഉത്തരം തേടാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും

അപേക്ഷയിലെ 2, 3, 6 എന്നീ ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം സെക്ഷൻ 8(1)(ജെ) അനുസരിച്ച് പൊതുതാത്പര്യമില്ല എന്ന കാരണത്താൽ പകർപ്പുകൾ അനുവദിച്ചിട്ടില്ലാത്തതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നത് കാഞ്ഞങ്ങാട് നഗരസഭാ പരിധിയിലെ 27/165എ നമ്പർ കെട്ടിടവുമായി ബന്ധപ്പെട്ട 1 മുതൽ 9 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു എന്നും 1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 17.9.2021 തീയതി വ്യക്തമായ മറുപടി നൽകിയിട്ടുള്ളതായും 9-ാം ചോദ്യത്തിന് റവന്യു വകുപ്പിൽ നിന്നും ഉത്തരം തേടാവുന്നതാണെന്നും അറിയിച്ചതായി കാണുന്നു എന്നും 2, 3, 6 എന്നീ ചോദ്യങ്ങൾ ആർ.റ്റി.ഐ. സെക്ഷൻ 8(1)(ജെ) പ്രകാരം പൊതുതാത്പര്യമില്ല എന്ന കാരണത്താൽ പകർപ്പുകൾ അനുവദിച്ചിട്ടല്ലാത്താണെന്നും അപേക്ഷയും എസ്.പിഐ.ഒ. നൽകിയ മറുപടിയും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 2, 3, 6, 9 എന്നീ ഇനങ്ങൾക്കാണ് ഒന്നാം എതിർകക്ഷി വിവരം നൽകാതിരിന്നിട്ടുള്ളത് എന്ന് കാണുന്നു. ആയതിൽ 2, 3, 6 എന്നീ ഇനങ്ങൾക്ക് വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരമാണ് വിവരം നിഷേധിച്ചിട്ടുള്ളത്. 9-ാം ഇനത്തിന് മറുപടിക്കായി റവന്യു വകുപ്പുമായി ബന്ധപ്പെടാൻ മറുപടി നൽകിയിട്ടുമുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ബിൽഡിംഗ് പ്ലാൻ, ആയതിനായി സമർപ്പിക്കുന്ന രേഖകൾ എന്നിവ പൊതുരേഖയാണ്. കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്ലാനുകൾ രഹസ്യമായി സൂക്ഷിക്കാൻ ഉദ്ദേശിച്ച് സമർപ്പിക്കുന്ന വിവരങ്ങളല്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ബിൽഡിംഗ് പെർമിറ്റ്, ആയതിനായി സമർപ്പിച്ച മറ്റ് രേഖകൾ തുടങ്ങിയവ 15.4.2022-നകം ഹർജിക്കാരന് നൽകണമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതെ വിവരാവകാശ അപേക്ഷകൾ കൂടതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 5-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us